April 2018



# "സഹോദരരെ സ്നേഹിക്കുന്നതു കൊണ്ടു നമ്മൾ മരണത്തിൽ നിന്നും ജീവനിലേക്കു കടന്നിരിക്കുന്നു"

(1 യോഹ. 3:14)

## വിചിന്തനം:

ദരിദ്രരുടെ പക്ഷം ചേരൽ എന്ന സ്ഥായീഘടക (ആറുതൂണുകളിൽപ്പെട്ടത്) ത്തെക്കുറിച്ച് വിചിന്തനം ചെയുന്ന നാമിപ്പോൾ, യേശുവിന്റെ ദാരിദ്ര്യത്തിൽനിന്ന് ഔദാര്യത്തിലേക്കുള്ള ക്രൈസ്തവ വിളിയിലേക്കു കടക്കുകയാണ്. “വേദനിക്കുന്നതുവരെ നല്കുക, ഇതാണ് യഥാർത്ഥ സ്നേഹത്തിന്റെ പൊരുൾ’’ കൽക്കത്തയിലെ വിശുദ്ധ തെരേസ പറഞ്ഞു. ഉദാരതയുടെ മർമ്മത്തിൽ രണ്ട് തിരിച്ചറിവുകൾ ഉണ്ട്. ഒന്ന്, എനിക്കുള്ള സർവതും ദൈവത്തിൽനിന്നു ലഭിച്ചതാണ്; രണ്ട്, ഞാൻ സ്വീകരിച്ച സകലതും എനിക്കുവേണ്ടി മാത്രമല്ല, പ്രത്യുത, മറ്റുള്ളവർക്കും വേണ്ടിയാണ്.

“ദാനമായി ലഭിച്ചതല്ലാതെ നിനക്ക് എന്തുണ്ട്?’’ (1 കൊറി.4:7) എന്തെന്നാൽ, “ഉത്തമവും പൂർണവുമായ എല്ലാ ദാനങ്ങളും ഉന്നതത്തിൽനിന്ന്, മാറ്റമോ, മാറ്റത്തിന്റെ നിഴലോ ഇല്ലാത്ത പ്രകാശങ്ങളുടെ പിതാവിൽനിന്നു വരുന്നു’’ (യാക്കോബ് 1:17). ‘എന്റെ സ്വന്തം പ്രയത്നംകൊണ്ട് ഈ നിലയിലും വിലയിലും എത്തി’ എന്ന നിലപാട് ഒരു കെണിയാവാൻ ഇടയുണ്ട്. എന്നാൽ നാം ജനിച്ചുവീണ കുടുംബാന്തരീക്ഷവും, നമുക്കുള്ള സ്വാഭാവിക കഴിവുകളും, നമുക്കു യഥാകാലം ലഭ്യമായിരുന്ന അടിസ്ഥാന വിഭവങ്ങളും, നമുക്കുണ്ടെന്നു കരുതുന്ന ശാരീരിക മാനസിക ആരോഗ്യവും നാം നേടിയെടുത്തതല്ല. മറിച്ച്, നമുക്കു സൗജന്യമായി ലഭിച്ചവയാണ്. നാം “ആത്മാവിൽ ദരിദ്രർ’’ ആയിത്തീരുമ്പോൾ, ഒരു കാര്യം തിരിച്ചറിയുന്നു; നമുക്കു സ്വന്തമെന്നു കരുതാൻ ഒന്നുമില്ലെന്ന്. പ്രത്യുത, നമുക്കുള്ളതെല്ലാം ദൈവത്തിന്റെ പരിപാലനയിൽനിന്ന് സദാ സൗജന്യമായി നമ്മിലേക്ക് ഒഴുകിയെത്തുന്നവയാണെന്ന്.

ആത്മാവിൽ ദരിദ്രരായവർ ഒന്നും കൈവശമില്ലാത്തവരെപ്പോലെ, തങ്ങൾക്കുള്ളവ ആഹ്ളാദപൂർവം കൈകാര്യം ചെയ്യാൻ തക്കവിധം സ്വതന്ത്രരാണ് (1 കൊറി 7:29-31). അവർ തങ്ങളുടെ സമ്പത്തിനോടോ കൈവശമുള്ളവയോടോ മമത പുലർത്തുന്നില്ല; അവയുടെ തടവറയിലുമല്ല; തങ്ങൾക്കുള്ളവയിൽ കടിച്ചുതൂങ്ങി കിടക്കുന്നുമില്ല; കൂടുതൽ സമ്പാദിക്കാനുള്ള വ്യഗ്രതയും അവർക്ക് ഇല്ല. യേശു ശിഷ്യരെ പഠിപ്പിച്ചതും അങ്ങനെയാവാനാണ്. “ഭൂമിയിൽ നിക്ഷേപം കരുതിവയ്ക്കരുത്........ എന്തുഭക്ഷിക്കും, എന്തു പാനം ചെയ്യും എന്നു ജീവനെക്കുറിച്ചോ, എന്തുധരിക്കും എന്നു ശരീരത്തെക്കുറിച്ചോ, നിങ്ങൾ ഉൽക്കണ്ഠാകുലരാകേണ്ട.’’ (മത്തായി 6:19-25)

അനേകായിരങ്ങൾക്ക് അടിസ്ഥാന വിദ്യാഭ്യാസത്തിനുപോലുമുള്ള അവസരമില്ലാതിരിക്കെ, ചിലർക്കുമാത്രം അതുലഭ്യമാകുന്നതെങ്ങിനെയെ ചോദ്യമുയർന്നേക്കാം. എനിക്കു ചുറ്റുമുള്ളവർക്ക് കലാവാസനയോ ബുദ്ധിവൈഭവമോ ഇല്ലാത്തപ്പോൾ എന്തുകൊണ്ട് അവമൂലം ഞാൻ അനുഗ്രഹീതനായി? ഇതിന് അന്ത്യോഖ്യായിലെ വിശുദ്ധ ഇഗ്നേഷ്യസ്,‘സഭ ക്രിസ്തുവിന്റെ ശരീരം’എന്ന വിശുദ്ധ പൗലോസിന്റെ പ്രതീകത്തെ അടിസ്ഥാനപ്പെടുത്തി ഉജ്ജ്വലമായ മറുപടി തരുന്നു:

...ഓരോരുത്തരും തന്നെ ഭരമേല്പിച്ചിരിക്കുന്ന സവിശേഷ ദാനത്തിനനുസൃതമായി തന്റെ അയൽക്കാരനു വിധേയപ്പെടട്ടെ. “ശക്തനായവൻ ദുർബലനെ നിന്ദിക്കാതിരിക്കട്ടെ”. “ദുർബലനായവൻ ശക്തനായവനെ ബഹുമാനിക്കട്ടെ”. “സമ്പൻ ദരിദ്രന്റെ ആവശ്യങ്ങൾ നിറവേറ്റട്ടെ; ദരിദ്രൻ ദൈവത്തെ പ്രകീർത്തിക്കട്ടെ”, എന്തെന്നാൽ അവിടന്ന് അവന്റെ ആവശ്യങ്ങൾ നിറവേറ്റാൻ ഒരുവനെ നല്കിയിരിക്കുന്നു...

ധനികന് സമ്പത്തു നൽകിയിരിക്കന്നുത് ദരിദ്രർക്കുവേണ്ടിയാണ്. ദരിദ്രന് ദാരിദ്ര്യം നല്കിയിരിക്കന്നുത് ധനികനിൽ നിന്നു സഹായം സ്വീകരിക്കുന്നതിനു വേണ്ടിയാണ്. ഇപ്രകാരം മാനവ വംശം ഒരു സജീവ ശരീരമായിത്തീരുകയും സഭയെന്നുവിളിക്കപ്പെടുകയും ചെയ്യുന്നു; അപ്പോൾ ഓരോ അവയവവും ആകമാന ശരീരത്തിനുവേണ്ടി ജീവിക്കുന്നു. ശരീരത്തിൽ ഒരവയവും അതിനുവേണ്ടിത്തന്നെ ജീവിക്കുന്നില്ല. നാം ഇനിമേൽ നമുക്കുവേണ്ടി ജീവിക്കാതെ, ക്രിസ്തുവിന്റെ മാതൃക പിൻചെന്ന് നമ്മുടെ ജീവിതം നമ്മുടെ സഹോദരീസഹോദരൻമാർക്കായി അർപ്പിക്കുന്നു. ഇതാണ് ഒരു ക്രൈസ്തവന്റെ പുതുജീവിതത്തിന്റെ സ്ഥായിയായ മുഖമുദ്ര. “എന്തുകൊണ്ട് എനിക്ക് ഇതു ലഭിച്ചു?” എന്ന ചോദ്യത്തിന് ഏറ്റവും ലളിതമായ മറുപടി ഇതായിത്തീരുന്നു: “ഞാൻ ദൈവത്താൽ തിരഞ്ഞെടുക്കപ്പെട്ടതു കൊണ്ട് ഞാൻ എന്റെ സഹോദരീസഹോദരൻമാർക്കുവേണ്ടി തിരഞ്ഞെടുക്കപ്പെട്ടു.’’

തിരഞ്ഞെടുക്കപ്പെട്ടവരെ വലിയ ഉത്തരവാദിത്തം ഭരമേല്പിച്ചിരിക്കുന്നു. എന്തെന്നാൽ “അധികം ലഭിച്ചവനിൽനിന്ന് അധികം ആവശ്യപ്പെടും’’ (ലൂക്കാ 12:41-48) ദൈവത്താൽ അനുഗ്രഹിക്കപ്പെടുതും മറ്റുള്ളവർക്കുവേണ്ടി തിരഞ്ഞെടുക്കപ്പെടുന്നതും ഒരു ബഹുമതിയും അവകാശവുമാണ്; എന്നാൽ അത് ഭാരിച്ച ഉത്തരവാദിത്വവുമാണ്.

നാം സ്വീകരിച്ച എല്ലാറ്റിന്റെയും കണക്കെടുക്കുക; സർവതും ആരിൽ നിന്നാണ് നാം സ്വീകരിച്ചതെന്നു കണ്ടെത്തുക; തുടർന്ന് ഒരു ചുവടുമുന്നോട്ടുവച്ച് നമുക്കുള്ളതെല്ലാം ആർക്കു വേണ്ടിയാണ് നാം സ്വീകരിച്ചതെന്നു തിരിച്ചറിയുക. നമ്മുടെ സഹോദരീ സഹോദരൻമാരോടുള്ള ഈ കടപ്പാട് നിറവേറ്റിക്കഴിയുമ്പോൾ, നാം മരണത്തിൽനിന്നു ജീവനിലേക്കു പ്രവേശിച്ചുവെന്നും, നാം ക്രിസ്തുശരീരത്തിലെ സജീവവും പ്രവർത്തനക്ഷമവുമായ അവയവമാണെും, ദൈവസ്നേഹം നമ്മിൽ കുടികൊള്ളുന്നുവെന്നും നാം അറിയും.

## വിശുദ്ധന്റെ മൊഴി:

നിന്റെ കൈവശമുള്ളവയിൽ നിന്നല്ല നീ ദരിദ്രർക്കു ദാനധർമ്മം ചെയ്യുന്നത്: അവർക്ക് അവകാശപ്പെട്ടത് നീ അവർക്കു പുനസ്ഥാപിച്ചുകൊടുക്കുന്നുവെന്നു മാത്രം സകലരുടെയും ഉപയോഗത്തിനായി ഓരോരുത്തർക്കും നൽകപ്പെട്ടിരിക്കുന്നവ നിന്റെ മാത്രം ഉപയോഗത്തിനായി നീ കൈവശപ്പെടുത്തിയിരിക്കുന്നു. ഭൂമി ധനികന്റേതല്ല, പ്രത്യുത, എല്ലാവരുടേതുമാണ്. അതിനാൽ നീ ഔദാര്യപൂർവ്വം നൽകുകയല്ല, മറിച്ച്, നിന്റെ കടം നീ ഭാഗികമായി വീട്ടുകയാണ്.

വിശുദ്ധ അംബ്രോസ്

## സത്ക്രിയ:

നിന്റെ സമയവും വിഭവങ്ങളും നൽകി ഒരു ‘ദരിദ്രനെ’ വീതം ഓരോ ആഴ്ചയിലും ആശ്ചര്യപ്പെടുത്തുക.

Prepared by the Jesus Youth International Formation Team. Email: formation@jesusyouth.org